# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 264**      **20.06.2013 ൽ മറുപടിക്ക്**

## സപ്ലൈകോ വിപണന കേന്ദ്രങ്ങളോടനുബന്ധിച്ച് റേഷൻ കടകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. കെ. അച്ചുതൻ:<br>ശ്രീ. വി. ഡി. സതീശൻ: | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും. സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) | |
| (എ) | സപ്ലൈകോ വിപണന കേന്ദ്രങ്ങളോടനുബന്ധിച്ച് റേഷൻ കടകൾ ആരംഭി ക്കുന്നതിന് പദ്ധതി രൂപീക രിച്ചിട്ടുണ്ടോ; വിശദമാ ക്കുമോ; | (എ) | ഉണ്ട്. 2013-14 ബജറ്റിൽ ഓരോ നിയോ ജക മണ്ഡലത്തിലും സപ്ലൈകോ വിൽപ്പനശാലകളോടൊപ്പം ഓരോ ന്യായവില മാവേലി റേഷൻ കടകൾ തുടങ്ങുവാനുള്ള പ്രഖ്യാപനം നടത്തി യിട്ടുണ്ട്. ആയതിന്റെ അടിസ്ഥാന ത്തിൽ സപ്ലൈകോ KITCO യുമായി സഹകരിച്ച് തയ്യാറാക്കിയ പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യ ങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെ ല്ലാം; | (ബി) | ഓരോ നിയോജക മണ്ഡലത്തിലും സപ്ലൈകോയുടെ ഒരു മിനി സൂപ്പർ മാർക്കറ്റും ഒരു മാതൃകാ ന്യായവില വിൽപ്പനശാലയും ഒരേ കെട്ടിടത്തിൽ പ്രവർത്തിക്കാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പൊതുവിതരണം കാര്യക്ഷമവും സുതാര്യവുമാക്കുക, ന്യായമായ വിലയ്ക്ക് എല്ലാ വിധ നിത്യോപയോഗ സാധനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ യാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസിക ളാണ് ഇതിനായി സഹകരി ക്കുന്നത്; വിശദമാക്കുമോ; | (സി) | തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചും സ്ഥലം എം.എൽ.എ യുമായി ബന്ധപ്പെട്ടും കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഇവ നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ട്? | (ഡി) | KITCO തയ്യാറാക്കിയ പദ്ധതി രൂപരേഖ സർക്കാർ വിശദമായി പരിശോധിച്ചു തുടർനടപടി സ്വീകരിച്ചു വരുന്നതേയുള്ളു. പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടില്ല. |

Beena

സെക്ഷൻ ഓഫീസർ